പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 761 04.03.2020-ൽ മറുപടിയ്ക്ക്.

**കാട്ടുതീയിൽ അകപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ദേശമംഗലം കൊറ്റമ്പത്തൂരിൽ കാട്ടുതീയിൽപ്പെട്ട് മരണപ്പെട്ട വനംവകുപ്പിലെ വാച്ചർമാരുടെ കുടുംബത്തിന് തൽക്കാല ആശ്വാസധനസഹായം നൽകി ഉത്തരവായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര രൂപയാണ് തൽക്കാല ആശ്വാസമായി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | & (ബി) | നിലവിൽ ധനസഹായമായി സർക്കാരിൽ നിന്നും അഞ്ച് ലക്ഷം രൂപയും, പെരിയാർ ഫൗണ്ടേഷനിൽ നിന്നും രണ്ടര ലക്ഷം രൂപയും, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയിൽ നിന്നും ഒരു ലക്ഷം രൂപയും ചേർത്ത് ഓരോ കുടുംബത്തിനും എട്ടര ലക്ഷം രൂപ വീതം വിതരണം നടത്തിയിട്ടുണ്ട്. |
| (സി) | കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ട വാച്ചർമാരുടെ കുടുംബം അനാഥമായതു കണക്കിലെടുത്ത് മതിയായ ആശ്വാസധന സഹായവും ആശ്രിതരിലൊരാൾക്ക് ജോലിയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | മരണപ്പെട്ട വാച്ചർമാരുടെ കുടുംബങ്ങൾക്ക് തൽക്കാല ആശ്വാസധന സഹായം നൽകിയിട്ടുണ്ട്. മരണപ്പെട്ട മൂന്നുപേരിൽ ഒരാൾ ട്രൈബൽ വാച്ചർ ആയതിനാൽ ടിയാന്റെ ആശ്രിതരിലൊരാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് രണ്ട് പേരുടെയും ആശ്രിതരിൽ ഒരാൾ വീതം വനസംരക്ഷണ ജോലികൾക്കായി അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ